പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.581

01.12.2015-ൽ മറുപടിയ്ക്ക്

## പുതുതായി ആരംഭിച്ച പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.തിലോത്തമൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ പുതുതായി ആരംഭിച്ച പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് പറയുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിലെ വേങ്ങരയിൽ സിഡ്കോയുടെ കീഴിൽ ആധുനിക സ്റ്റീൽ ഫർണീച്ചർ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവിടെ ഉല്പാദനം ആരംഭിച്ചിട്ടില്ല. |
| (ബി) നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന കേരളത്തിലെ പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവയുടെ ഓരോന്നിന്റെയും ലാഭം എത്രകോടിയാണെന്നും പറയുമോ ;<br><br>(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നഷ്ടത്തിലായിരുന്നതും ഈ സർക്കാർ ലാഭത്തിലേയ്ക്ക് കൊണ്ടുവന്നതുമായ പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവയുടെ ഓരോന്നിന്റെയും ലാഭം എത്രകോടിയാണെന്നും പറയുമോ;<br><br>(ഡി) ഈ സർക്കാർ കാലയളവിൽ പ്രവർത്തനം നിലച്ചുപോയതും നഷ്ടം മൂലം അടച്ചുപൂട്ടിയതും കൈമാറ്റം ചെയ്യപ്പെട്ടതുമായ പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് പറയാമോ ? | (ബി) & (സി) & (ഡി)<br><br>ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ